സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

നമ്പർ. ~~I/744828/2026~~ DTETVM/2889/2025-FINA5 തീയതി: 24-09-2026

പരിപത്രം

വിഷയം:- ഡിമാൻഡ് ,കളക്ഷൻ ,ബാലൻസ് സ്റ്റേറ്റ്മെൻറ് (DCB) തയ്യാറാക്കി സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന:-

അക്കൌണ്ടന്റ് ജനറലിന്റെ 2023-24 വർഷത്തെ ഈ വകപ്പിന്റെ കണക്ക് പരിശോധന സമയത്ത് നല്കിയ നിർദേശങ്ങൾ പ്രകാരം, കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 262 പ്രകാരം റവന്യൂ പിരിക്കുന്നതിന് ഉത്തരവാദിത്തമുള്ള ഓരോ ഉദ്യോഗസ്ഥനും കുടിശികകളുടെ ശരിയായ വിലയിരുത്തലും നിരീക്ഷണവും ഉറപ്പാക്കാൻ ഒരു ഡിമാൻഡ് കളക്ഷൻ ബാലൻസ് സ്റ്റേറ്റ്മെൻറ് സൂക്ഷിക്കേണ്ടതുണ്ട്. എല്ലാ സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥർ DCB സ്റ്റേറ്റ് മെന്റുകൾ മേലധികാരികൾക്ക് സമർപ്പിക്കുകയും എല്ലാ കളക്ഷനുകളും ശരിയായി രേഖപ്പെടുത്തുകയും ചെയ്യുന്നത് ഉറപ്പാക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ ഈ വകപ്പിലെ എല്ലാ സ്ഥാപന മേധാവിമാരും ഈ സർക്കുലറിനൊപ്പം ഉൾക്കൊള്ളിച്ചിരിക്കുന്ന മാതൃകയിലുള്ള ഒരു Demand,Collction,Balance സ്റ്റേറ്റ്മെൻറ് എല്ലാ മാസവും തയ്യാറാക്കി ചുവടെ വിവരിക്കുന്ന നിർദേശങ്ങൾ പാലിച്ചുകൊണ്ട് ഈ കാര്യാലയത്തിലേക്ക് സമർപ്പിക്കേണ്ടതാണ്.

PRORMA FOR

DEMAND,CLLECTION,BALANCE (DCB) Statement

Name of the institution:-

Month:-

Year:-

SL. No.	Item of Revenue	Head of Account	Opening Balance (Arears of Revenue to be collected up to the previous months)	Demand Raised for the month(Revenue due to be collected during the month)	Total to be collected for the month	Amount collected during the month	Amount remitted to the Treasury/Government	Balance to collected	Reason for pendency in the collection	Amount Due	No. of students	Remarks
1	2	3	4	5	6	7	8	9	10	11	12	13

1.ഓരോ മാസത്തെയും DCB സ്റ്റേറ്റ്മെൻറ് നിശ്ചിത മാതൃകയിൽ തയ്യാറാക്കി തൊട്ടടുത്ത മാസം 15 ആം തീയതിക്ക് മുമ്പായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സീനിയർ ഫിനാൻസ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

2. കോളം 4-ൽ മുൻ മാസം വരെ പിരിച്ചെടുക്കാനുള്ള കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തുക

3. കോളം 5-ൽ തൻ മാസം പിരിച്ചെടുക്കാൻ അർഹമായ വരുമാനം സംബന്ധിക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്തുക

4. കുടിശ്ശിക പിരിച്ചെടുക്കാൻ കഴിയാത്തതിന്റെ കാര്യങ്ങൾ വ്യക്തമായി കോളം 10-ൽ രേഖപ്പെടുത്തുക

5.Allotment Reguestion form ൽ DCB സ്റ്റേറ്റ്മെൻറ് സമർപ്പിച്ച വിവരങ്ങൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

6. ഓരോ സ്ഥാപനത്തിനും അനുബന്ധമായി പ്രവർത്തിക്കുന്ന ഹോസ്റ്റൽ,Continuing Education Cell,ITC&SR Cell,PTDC എന്നീ സ്ഥാപനങ്ങളിലെ സർക്കാർ റവന്യൂവുമായി ബന്ധപ്പെട്ട വിവരങ്ങളും സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തേണ്ടതാണ് . DCB സ്റ്റേറ്റ് മെന്റിൽ ഇത്തരം അനുബന്ധ സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തുമ്പോൾ ഏതിനത്തിലുള്ള വരുമാനമാണെന്നുള്ള വിവരം കോളം 2 -ൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

7. സ്ഥാപനങ്ങളിലെ അനുബന്ധമായുള്ള ഹോസ്റ്റൽ,PTDC തുടങ്ങിയവയ്ക്ക് പ്രത്യേകം DDO മാർ ഉള്ള പക്ഷം ഓരോ DDO മാരും എല്ലാ മാസവും പ്രത്യേകം DCB സ്റ്റേറ്റ്മെന്റുകൾ സമർപ്പിക്കേണ്ടതാണ്.

8.DCB സ്റ്റേറ്റ് മെന്റിൽ ഉൾപ്പെടുത്താൻ വരുമാനങ്ങൾ സംബന്ധിക്കുന്ന വിവരങ്ങൾ ഇല്ലാത്ത പക്ഷം NIL സ്റ്റേറ്റ് മെന്റ് സമർപ്പിക്കേണ്ടതാണ്. വരുമാനങ്ങൾ ഇല്ലാത്തതിന്റെ കാരണങ്ങൾ Remarks കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

9.ഓരോ മാസവും DCB സ്റ്റേറ്റ് മെന്റ് സമർപ്പിക്കുമ്പോൾ കുടിശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികളുടെ വിവരണങ്ങളും ഉൾപ്പെടുത്തേണ്ടതും കുടിശിക പിരിച്ചെടുക്കുന്ന നടപടികൾ ഫലപ്രാപ്തിയിൽ എത്താത്തതിന്റെ കാര്യങ്ങളും വിശദീകരിക്കേണ്ടതാണ്.

10. റവന്യു കളക്ഷൻ സംബന്ധിച്ച് നിലവിൽ പ്രതിമാസം സമർപ്പിക്കുന്ന റിപ്പോർട്ടുകൾ തുടർന്നും സമർപ്പിക്കേണ്ടതാണ്.

മേൽ നിർദേശങ്ങൾ പാലിച്ചുകൊണ്ട് നടപടികൾ സ്വീകരിക്കാൻ എല്ലാ സ്ഥാപനമേധാവിമാർക്കും കർശന നിർദേശം നല്കുന്നു.

Digitally signed by
SUBHALEKSHMY R
Date: 24-09-2026
16:57:31

SUBHALEKSHMY R
SENIOR FINANCE OFFICER

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സൂപ്രണ്ട്
3. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി